പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5163** **28.10.2016**-ലെ മറുപടിക്ക്

## പുനലൂരിൽ നിന്നും കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | പുനലൂരിൽ നിന്നും പത്തനതിട്ട-റാന്നി-എരുമേലി വഴി പൊൻകുന്നത്തേയ്ക്കും മുണ്ടക്കയത്തേക്കും കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് ആരംഭിച്ചത് എന്നു മുതലാണ്; ആരംഭ ഘട്ടത്തിൽ എത്ര സർവ്വീസ് ഉണ്ടായിരുന്നു; | (എ) | 25.09.2008-ലാണ് പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലി - മുണ്ടക്കയം ചെയിൻ സർവ്വീസ് ആരംഭിച്ചത്. ആരംഭഘട്ടത്തിൽ 7 സർവ്വീസുകൾ ഉണ്ടായിരുന്നു. പുനലൂരിൽ നിന്നും പത്തനംതിട്ട - റാന്നി - എരുമേലി വഴി പൊൻകുന്നത്തേക്ക് ചെയിൻ സർവ്വീസ് ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (ബി) | ഇപ്പോൾ ഇതേ റൂട്ടിൽ ദിവസേന എത്ര സർവ്വീസ് നടത്തുന്നുണ്ട്; ലാഭകരമായ സർവ്വീസുകൾ വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇപ്പോൾ ഇതേ റൂട്ടിൽ ദിവസേന പത്തനംതിട്ടയിൽ നിന്നുള്ള 6 സർവ്വീസുകളും പൊൻകുന്നത്തുനിന്നുള്ള 4 സർവ്വീസുകളും പുനലൂരിൽ നിന്നുള്ള 4 സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഓർഡിനറി ബസ്സുകളുടെ ലഭ്യത കുറവ് മൂലമാണ് സർവ്വീസുകൾ വെട്ടിക്കുറക്കേണ്ട സാഹചര്യമുണ്ടായത്. ടി സർവ്വീസുകൾ റദ്ദ് ചെയ്യുന്നതുമൂലം പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വെട്ടിക്കുറച്ച സർവ്വീസുകൾ പുനഃസ്ഥാപിച്ച് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പുതിയ ബസുകൾ ലഭ്യമാകുന്നതിനനുസൃതമായി വെട്ടിക്കുറച്ച ചെയിൻ സർവ്വീസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ